# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 728 | 08.01.2014-ൽ മറുപടിക്ക്

## രോഗം ബാധിക്കുന്നതിൽ ഭക്ഷ്യപദാർത്ഥങ്ങളുടെ സ്വാധീനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ :<br>,, സി. മമ്മൂട്ടി :<br>,, കെ. എം. ഷാജി :<br>,, പി. കെ. ബഷീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പ്രമേഹം, കാൻസർ, വൃക്ക രോഗം എന്നിവ ബാധിക്കുന്നവരുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നതിൽ, മാറിയ ജീവിതശൈലി, വർദ്ധിച്ച മദ്യപാനശീലം, ഭക്ഷ്യവസ്തുക്കളിലെ മായം, വിഷവസ്തുക്കൾ എന്നിവ ചെലുത്തുന്ന സ്വാധീനത്തെ കുറിച്ച് പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ വിവരങ്ങൾ വിശദമാക്കാമോ ; | (എ) പ്രമേഹം, രക്താതി സമ്മർദ്ദം, കാൻസർ തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്ക് ഹേതുവായിട്ടുള്ളത് മാറുന്ന ജീവിത ശൈലികളാണെന്ന് ശാസ്ത്ര പഠനങ്ങളിൽ നിന്ന് വ്യക്തമാണ്. മദ്യപാനം, പുകയില ഉൽപ്പന്നങ്ങളുടെ ഉപയോഗം, തെറ്റായ ഭക്ഷണ രീതി, വ്യായാമമില്ലായ്മ തുടങ്ങി നിരവധി കാരണങ്ങൾ ജീവിതശൈലീ രോഗങ്ങളിലേക്ക് നയിക്കുന്നതായി തെളിയിക്കപ്പെട്ടതാണ്. ആയതിനാൽ ഇതിനെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തേണ്ട ആവശ്യകതയില്ല. |
| (ബി) നാളിതുവരെ പ്രസ്തുത പഠനം നടത്തിയിട്ടില്ലെങ്കിൽ വിഷയത്തിന്റെ ഗൗരവം പരിഗണിച്ച് വകുപ്പിന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു പഠനത്തിനുള്ള നടപടി ആരംഭിക്കുമോ ? | (ബി) |

സെക്ഷൻ ഓഫീസർ